LIBRARY ARCHIVES Kerala Legislative Assembly

നഷ്ടത്തിലാകുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

171 (4753) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ 30 എണ്ണവും നഷ്ടത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ചവറയിലെ കേരള മിനിറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് പോലും ഇന്ന് നഷ്ടത്തിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സർക്കാരിന്റെ പിടിപ്പുകേടു കൊണ്ടാണെന്ന് കരുതുന്നുണ്ടോ ; വിശദീകരണം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഓഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിൽ പതിനാല് പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. 30 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് 2014-15-ൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷം ആഗോള വിപണിയിൽനിന്നും നേരിട്ട കടുത്ത മത്സരത്തെത്തുടർന്നുണ്ടായ വിലത്തകർച്ചയും ചില സാങ്കേതിക കാരണങ്ങളാൽ ഉല്പാദനം, നിർത്തിവയ്ക്കേണ്ടിവന്നതുമാണ് KMML-ന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്.

വാതക വിതരണത്തിനുള്ള പൈപ്പ്‌ലൈൻ

172 (4754) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാതക വിതരണത്തിനുള്ള പൈപ്പ് ലൈൻ നിർമ്മാണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധ്യമാകാത്തത് സംസ്ഥാനത്തെ ഏതെല്ലാം തീരിയിൽ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ആഗോള വിപണിയിൽ എൽ. എൻ. ജി.-യുടെ വില വർദ്ധനവിൽ താഴ്ന്നിരിക്കുന്ന സമയത്തും അത് സംസ്ഥാനത്ത് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പദ്ധതി നിരീക്ഷണത്തിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ ഉന്നതാധികാര സമിതി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയിലും സബ് കളക്ടർമാർ നോഡൽ ഓഫീസർ ആയിട്ടുള്ള ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഗെയിലും സംസ്ഥാന റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് എല്ലാ ജില്ലകളിലും പദ്ധതി പൂർത്തീകരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഉന്നതാധികാര സമിതി പ്രതിദിനം വിലയിരുത്തുന്നുണ്ട്. സംസ്ഥാനത്ത് പദ്ധതിക്കാവശ്യമായ P&MP Act സെക്ഷൻ 6 (1) പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ പൂർത്തിയാക്കി സ്ഥലം കേന്ദ്ര സർക്കാരിന്റെ അധീനതയിലാക്കിയിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 505 കിലോമീറ്റർ ദൈർഘ്യമുള്ള പൈപ്പ്ലൈൻ ശൃംഖലയിൽ 28.685 കി.മീറ്റർ പൈപ്പ്ലൈൻ മാത്രമാണ് ഭൂമിക്കടിയിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി SV/IP സ്റ്റേഷനുകൾക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ എൽ.എൻ.ജി. പൈപ്പ്ലൈൻ പദ്ധതി പൂർത്തിയാക്കി ദേശീയ വാതക പൈപ്പ്ലൈൻ ശൃംഖലയുമായി യോജിപ്പിക്കാത്തപക്ഷം ഇന്ത്യയിൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന വിലകുറഞ്ഞ പ്രകൃതിവാതക വിഹിതം സംസ്ഥാനത്തിന് ലഭിക്കാതെ പോകുവാനുള്ള സാഹചര്യമുണ്ട്. സംസ്ഥാനത്തിന് ഈ പദ്ധതിയിലും മൂല്യവർദ്ധിത നികുതിയിനത്തിൽ (VAT) ലഭിക്കാവുന്ന 1000 കോടിയോളം രൂപ നഷ്ടപ്പെടുവാനിടയാകുന്നു. ഇതിനുപുറമെ പൊതുജനങ്ങൾക്കും ട്രാൻസ്പോർട്ട് കോർപ്പറേഷനും സി.എൻ.ജി. ഉപയോഗിച്ചുള്ള ലാഭകരമായിരുന്ന നേട്ടങ്ങളും ഇല്ലാതാകും. ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കൈവരിക്കുന്നതുവഴി സംസ്ഥാനത്ത് വ്യവസായിക കുതിപ്പുണ്ടാകും. പ്രകൃതിവാതകം പരിസ്ഥിതി സൗഹൃദ ഇന്ധനം എന്ന നിലയ്ക്ക് മലിനീകരണം പരിമിതവുമാണ്. അതോടൊപ്പം സിറ്റി ഗ്യാസ് പദ്ധതിക്കായി പ്രകൃതിവാതകം ഉപയോഗിക്കുന്നതുമൂലം എൽ.പി.ജി. സിലിണ്ടറുകളുടെ ദൗർലഭ്യവും വിലവർദ്ധനവും നിമിത്തം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് ഏറെക്കുറെ പരിഹാരമുണ്ടാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്താരാഷ്ട്ര വിപണിയിൽ എൽ.എൻ.ജി.-യുടെ വില താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തും എൽ.എൻ.ജി.-ക്ക് ആനുപാതികമായി വിലകുറച്ച് വിൽക്കുവാൻ സാധിച്ചിട്ടുണ്ട്. ഉദാഹരണമായി ആഗോള വിപണിയിൽ എൽ.എൻ.ജി.-യുടെ വില ഉയർന്നുനിന്നപ്പോൾ FACT-ക്ക് 21 USD/MMBTU നിരക്കിൽ ഗെയിൽ നൽകിയിരുന്ന പ്രകൃതിവാതകം വിപണിവില താഴ്ന്നതോടുകൂടി ഇപ്പോൾ 10.75 USD/MMBTU എന്ന നിരക്കിലാണ് നൽകിവരുന്നത്.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

173 (4755) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിലും ഡയറക്ടറേറ്റിലും ജില്ലാ കേന്ദ്രങ്ങളിലുമായി എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്(സ്റ്റെനോഗ്രാഫർ)തസ്തികകളുടെ ഒഴിവുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്ന രീതി എങ്ങനെയാണ്; എന്തെല്ലാം യോഗ്യതയാണ് ഇതിന് നിഷ്കർഷിച്ചിരിക്കുന്നത് ;

(സി) സർക്കാർ സർവ്വീസിൽ നിലവിൽ ജോലി ചെയ്യുവരുന്ന യോഗ്യതയുള്ള ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സ്റ്റെനോഗ്രാഫർ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന ജി.ഒ.(എംഎസ്.) നമ്പർ :288/71/ പി.ഡി. തീയതി 1-9-1971 എന്ന ഉത്തരവ് ഈ വകുപ്പിന് ബാധകമാണോയെന്ന് വെളിപ്പെടുത്താമോ ;

(ഡി) ടൈപ്പിസ്റ്റുമാർക്ക് ആർക്കെങ്കിലും ഈ ഉത്തരവിൻ പ്രകാരം നിയമനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പേരുവിവരം വെളിപ്പെടുത്താമോ ;

(ഇ) നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി നിയമനത്തിന് ടൈപ്പിസ്റ്റുമാർ അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിൽ ഡയറക്ടറേറ്റിലും ജില്ലാ കേന്ദ്രങ്ങളിലുമായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സ്റ്റെനോഗ്രാഫർ) തസ്തികയിൽ എട്ട് ഒഴിവുകളുണ്ട്. അതിൽ മൂന്ന് ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 1:1 എന്ന അനുപാതത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും, വകുപ്പിൽ യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും സ.ഉ.(എംഎസ്.) നമ്പർ 288/71/പി.ഡി. തീയതി 1-9-1971 ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം മുഖേനയും.

LIBRARY ARCHIVES Kerala Legislative Assembly